പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5598 — 06/07/2012-ൽ മറുപടിക്ക്

## എല്ലാ ആദിവാസി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട്

ചോദ്യം

ശ്രീ.മോൻസ് ജോസഫ്
ശ്രീ.റ്റി.യു.കുരുവിള
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ.സി.എഫ്.തോമസ്

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ ആദിവാസി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിച്ച് നല്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട്, പൂൾഡ്-കോർപ്പസ് ഫണ്ട്, അടിയ-പണിയ പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ് പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്നിവയിൽ ഉൾപ്പെടുത്തി ഭവന രഹിതരും വാസയോഗ്യമായ വീടില്ലാത്തവരുമായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. |
| (ബി) | ആദിവാസി ജനവിഭാഗങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ്ഗക്കാർക്കു മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിനു ഭൂമി, വീട്, വൈദ്യുതി, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്കു ഊന്നൽ നൽകി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിനുള്ള പ്രത്യേക പാക്കേജ്, പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്ര പുരോഗതിയക്കായി പ്രത്യേക പദ്ധതി, പ്രൊഫഷണൽ വിദ്യാർത്ഥികൾക്കു ലാപ്ടോപ്പ്, 8-ാം ക്ളാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്നീ പുതിയ പദ്ധതികൾക്ക് പുറമേ തെരഞ്ഞെടുക്കപ്പെട്ട 5 പട്ടികവർഗ്ഗ കോളനികൾ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ മാതൃകാ പട്ടികവർഗ്ഗ കോളനികളാക്കുക എന്ന പുതിയ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ